തലചായ്ക്കാനിടംതേടുന്ന പാതിയടഞ്ഞ മിഴിപ്പാ ളികൾ! അതിന്നുള്ളിൽ തിമിരം കൂട്കൂട്ടിയ തമസ്സിൻ കമ്പിളിച്ചുരുൾ! കനത്ത് വരുന്ന പീളക്കൂമ്പാരങ്ങൾ, മിഴിക്കോണുകളിൽ; വേനൽ വിഴുങ്ങുന്ന കൊച്ചുതടാകത്തിലെ ചെറുതു രുത്ത്പോലെ !
പേമാരിപെയ്തൊഴിയാത്ത ഇമകളിൽ നഷ്ഠ സൗഭാഗ്യങ്ങളുടെ നനവും നീറ്റലും !
നീർക്കെട്ടുകൾ വിഴുങ്ങുന്ന ചീർത്ത സന്ധികളി ൽ ത്രിദോഷങ്ങളുടെ അപഥസഞ്ചാരം!
ഭൂതകാലങ്ങളുടെ കനൽവഴികളിൽ നിരന്തരം തോളേറ്റിയ അമിത ഭാരച്ചുമടുകൾ മെതിച്ചരച്ച നട്ടെല്ലിനിന്നില്ല, താങ്ങും, തണലും,തലോടലും !

രാപ്പകലുകളുടെ തേങ്ങലും ഞരക്കവും ഉള്ളംതൊട്ടറിയാത്ത നിർവികാര ഭാവവും രൂപവും; ആരാരും കാണാതെ, ആരാരുമറിയാതെ നെഞ്ചോട്ചേർത്ത സ്വപ്നമരീചികയിൽ ഇന്നില്ല, പച്ചപ്പുംനീരൊഴുക്കും !

വിരസമായശൂന്യതയുടെ വ്യർത്ഥമായ ആലസ്യംമാത്രം എന്നും ഒപ്പം. രാപ്പാടിക്കൂട്ടങ്ങളുടെ ചിറകടിയൊച്ചപോലും അസ്പഷ്ഠമാകുന്ന ഏകാന്തത! പുലരിപ്പെണ്ണിൻ കാൽത്തളക്കിലുക്കവും ഉഷസ്സിൻ ദലമർമ്മരങ്ങളും എന്നേ അന്യമായിരിക്കുന്നു...!

വ്യഥാ, ആടിയുലയുന്ന വയോവിഷാദങ്ങളുടെ നാൾവഴികളിൽ, മോഹകിതപ്പുകളുടെ ചരമഗീതം ! അനശ്വര പ്രണയക്കിതപ്പിൽ തീരം ചുംബിക്കുന്ന ആഴിത്തിരകളുടെ ആത്മരോദനംപോലെ ! പരുക്കൻ പാറക്കെട്ടുകളിൽ തട്ടിയുംമുട്ടിയും പൊട്ടിച്ചിതറുന്ന പാഴ്ക്കിനാച്ചഷകങ്ങൾ !

കാണാതീരങ്ങളിൽ,അണമുറിയാപേമാരിയിൽ, കുതിർന്നലിഞ്ഞ് വിസ്മൃതമാകുന്ന കളിമൺശിൽപങ്ങൾ! വർണ്ണച്ചാരുത മാഞ്ഞ അവശ വിഷാദവൃദ്ധക്കൂട്ടം !

ആസ്തിത്വം പൊലിഞ്ഞുപോയ നിസ്സംഗതയുടെ ആൾരൂപങ്ങൾ ! സുകൃതങ്ങളുടെ ചില്ലുമേടകൾ വീണുടഞ്ഞ നരജൻമങ്ങൾ!

താഴിട്ട്പൂട്ടിയ മക്കളുടെ വസതിയുടെ പുറംതിണ്ണയിൽ തനിയേ....!
കാലിത്തൊഴുത്തുകളുടെ ചിതൽകൂരക്ക്കീഴിൽ വിറങ്ങലിച്ച്...!



പുറംപോക്കിലെ പച്ചിലക്കാടിൻമറയത്ത്, കഴുകൻകണ്ണുകൾക്ക് കീഴെ.....
ശ്വാനപ്പുരച്ചോട്ടിൽ മനംപുരട്ടി.....
ആരാധനാലയങ്ങളുടെ ആളൊഴിഞ്ഞ രാക്കോണിൽ, നാടോടിക്കൂട്ടങ്ങളിൽ ഒരാളായി.....
ആതുരാലയങ്ങളുടെമൺതറയിൽ ആരുടേയോ കാരുണ്യം കാത്ത്....
പുൽകളും പുഴുക്കളും മാത്രമെൻ കുടംബക്കാർ എന്ന ശരണമന്ത്രമോതി ഒറ്റപ്പെടുന്ന ക്ലേശവാർദ്ധക്യങ്ങൾ....!

ആളും അരങ്ങും ഒഴിഞ്ഞ ജീവിത നടനവേദിക്ക് പിന്നിലെ അണിയറച്ചുവരിലും ചെമ്മൺതറയിലും ചിത്രക്കളം വരക്കുന്ന സ്വന്തം നിഴൽപ്പാടുകൾപോലും അന്യമാകുന്ന ദുർവിധിയുടെ ജീവിത സായാഹ്നങ്ങൾ !
അവശ ഗദ്ഗതങ്ങളുടെ ഇയാംപാറ്റകൾ! എരിഞ്ഞെരിഞ്ഞുരുകിയുരുകി താനേ അണഞ്ഞൊടുങ്ങുന്ന മെഴുക്തിരിപോലെ..! ഉയിരൊടുങ്ങുംവരെ പ്രകാശംചുരത്തുന്ന നുറുങ്ങ് വെട്ടങ്ങൾ ! നിരാലംബജീവിതത്തിന്റെ കണ്ണീർക്കടൽക്കാഴ്ചകൾ..!

ഈ ആർത്തനാദങ്ങൾക്കുംവേണം കാരുണ്യത്തിന്റെ തണലും, നിഴലും, പൂനിലാവും; ഊന്നുവടിയായി എന്നും താങ്ങാൻ; മനവും മേനിയും തളർന്നു കുഴയുമ്പോൾ.....!!!

അമ്മ

ഡോ. പി.പി. കുഞ്ഞിരാമൻ

അമ്മ..... ഈ അമരമന്ത്രാക്ഷരി
സ്പന്ദനങ്ങൾക്ക്,
കാതോർത്തിരിക്കുവാൻ
അവനിയിലെങ്ങാൻ
ഒരു ശക്തി സ്വരൂപിണി
സാന്നിദ്ധ്യമുണ്ടെങ്കിൽ
അതെത്ര ധന്യം.....
അക്ഷയ സായൂജ്യവും !
അമ്മ..... സർവം സഹയായ മധുര
മനോഹര പദാരവാഘ്ഘോഷം!
അവാച്യമായ ഊർജസ്ത്രോതസ്സിന്റെ
ഗംഗാ തീർത്ഥ പ്രവാഹം !
കനവിന്റെ മിഴിവാർന്ന കല്ലോലിനി !
അമ്മ..... നിറ നെഞ്ചിൽ സ്വരൂപിച്ച
ജീവാമൃത ധാരയുടെ അളവറ്റ ചാരുത !
കതിരണി ലാസ്യ നിലാവിലെ
ദേവതാ ലാവണ്യ ശിൽപം,
അതാണമ്മ.....!
പഞ്ച ഭ്രൂത സംയോഗ
ജ്യോതിസ് പുരണം മെയ്യ്റ്റ്,
ഉയിരറ്റ് മണ്ണിലലിയും വരെ,
പെറ്റമ്മയിലേക്ക് നീളുന്ന
സ്മൃതിവിസ്മയ പ്രജ്ഞാ
നാളങ്ങൾക്കെന്ത് ഭാവുകത്വം?
ഭാസുര കാന്തി പൂരണവും !

ആ ദൈവിക ജൈവ പാരസ്പർശ്യ
ബന്ധുരമയ മമതയുടെ
തിരുശേഷിപ്പത്രേ, ഉദര ഭിത്തിയിലെ
പൊക്കിൾക്കൊടി പാടുകൾ !
ജൻമജന്മാന്തര യാത്രാപഥങ്ങളിൽ
സംഗമിക്കുന്ന,
ഏക പുണ്യമഹാക്ഷേത്ര
ശ്രീകോവിൽ സന്നിധിയിലെ
ചേതനാ സമ്പുഷ്ഠമാകുന്ന
പ്രതിഷ്ഠാ മാതൃത്വ വിഗ്രഹം !
താരതമ്യങ്ങളറ്റ,
അനുകരണശൂന്യമായ
സാർത്ഥക പൂർണമായ
ദിശാസൂചിക,
മായാതെ, മങ്ങാതെ.....!
ഉദര ഭിത്തിയിലെ കാലംമറക്കാത്ത
ഈ 'നുണക്കുഴി'കളുടെ
സത്യ ദർശനം ആരും
മറക്കാതിരുന്നെങ്കിൽ,
സ്വന്തം ജനയിത്രിയേയും....!
അമ്മിഞ്ഞപ്പാലിന്റെ
രുചി മധുര മലർ മണവും...!





അഭയാർത്ഥിയായ് ഒരു പാട്ട്

ഡോ. സനിത സത്യൻ

കീവിൽ, ഒരിടത്തിരുന്നൊരുവൾ
ബോംബേറിൽ തകർന്ന
വീട് വിടുന്നതിന് മുമ്പ്, അവസാനമായി
തന്റെ പിയാനോ വായിക്കുന്നു...

കത്തിക്കരിഞ്ഞ് വിവസ്ത്രമായ
അവളുടെ വാഡ്രോബിലെ
പ്രിയപ്പെട്ട ഉടുപ്പുകൾ
അവസാനത്തെ പാർട്ടിയ്ക്ക് ചുവട് വയ്ക്കുന്നു.

പാതിതുറന്ന ബുക്ക് ഷെൽഫിൽ നിന്ന്
ഇറങ്ങി പോയ പുസ്തകങ്ങൾ
അക്ഷരങ്ങൾ കൊണ്ടൊരു പ്രേമഗാനം
തീർക്കാനൊരുങ്ങുന്നു.

ബോംബ് വീഴുന്നത് തൊട്ടു മുൻപേ
അവൾ കുടിച്ചുകൊണ്ടിരുന്ന
കാപ്പിക്കപ്പിൽ പകുതിയോളം
ഇപ്പോഴും അവളെ കാത്തിരിക്കുന്നു.

അഴുക്ക് വെള്ളം നിറഞ്ഞ സിങ്കിൽ
സ്വാതന്ത്ര്യത്തെ കുറിച്ച് പാട്ടുപാടി
ഇന്നലത്തെ പാത്രങ്ങൾ
ആസ്വദിച്ച് നീന്തിത്തുടിക്കുന്നു.

പിരിയൻ ഗോവണി
കയറുന്നതിന്റെയും
ഇറങ്ങുന്നതിന്റെയും കുട്ടിക്കാല രസം
അവൾക്കിന്നും അതിപ്രിയം.

തകർന്ന് വീണ ജനൽപാളികളിൽ
ശൈത്യകാല സൂര്യൻ
സഹസ്രാംശുവായി ഇന്നും
പൊട്ടിച്ചിരിക്കുന്നു.

മുങ്ങിനിൽക്കുന്ന ഗന്ധകപുകയിൽ
പ്രഭാതഭക്ഷണത്തിന്റെ മണം
അവൾക്ക് മാത്രം തിരിച്ചറിയും വിധം
കൊതിയോടെ തത്തിക്കളിക്കുന്നു.

ജനലിനപ്പുറം വെടിശബ്ദങ്ങളും
തകർന്നു വീഴുന്ന കെട്ടിടങ്ങളും
നിലവിളിയും കൂട്ടിച്ചേർത്ത്
അവളുടെ പിയാനോ മാത്രം പാടുന്നു..

അവസാനത്തെ പാട്ടു പാടി,
ഈ പിയാനോ അവളുപേക്ഷിച്ച് പോകുക തന്നെ ചെയ്യും.
എയർ ലിഫ്റ്റ് ചെയ്യപ്പെടുമ്പോൾ, പക്ഷേ
ഈ പാട്ടും അവൾ കൊണ്ടുപോകും.

ജാലകങ്ങൾക്കരികെ
ഒരു ഏപ്രിൽ

ഡോ. ബാബു കൃഷ്ണകുമാർ



'ഏപ്രിൽ ഏറ്റവും ക്രൂര മാസം' *
വിഷുപ്പുലരികൾക്കു വേി കാത്തിരിക്കുമ്പോൾ
വീട്ടുമുറ്റത് കൊയ്തെത്തിച്ച കതിർക്കറ്റകൾ
നിറഞ്ഞിരിക്കുമ്പോൾ
കൊയ്ത്തുകാർ ആരവങ്ങളോടെ മെതി തുടരുമ്പോൾ
പഠിക്കാനില്ലാത്ത, പാഠപുസ്തകങ്ങൾ
അലസോരപ്പെടുത്താനില്ലാത്ത ഏപ്രിൽ
അവശേഷിപ്പിച്ചത് ആനന്ദഭരിതമായ ഓർമ്മകൾ.
പൊട്ടിച്ചിതറുന്ന പടക്കങ്ങൾ, കത്തിക്കറങ്ങുന്ന
ചക്രങ്ങൾ മിന്നിക്കത്തുന്ന തിരികൾ
പ്രതീക്ഷകളുടെ മഞ്ഞപ്പൂക്കൾ നിറഞ്ഞ വിഷുക്കണികൾ.
കൈനീട്ടം വാങ്ങിതുടങ്ങി, പിന്നീട്
കൈനീട്ടം നൽകലിലേക്കുയർന്ന ജീവിത ദൗത്യം.
പതിനഞ്ച് അലങ്കരിച്ച ആനകളും
മേള താള വാദ്യങ്ങളുമായി
അമ്പലമുറ്റത്തണിനിരന്ന പൂരവും,
ആകാശത്തുയർന്ന കരിമരുന്നിന്റെ മായാവർണങ്ങളും
ഏപ്രിലിനു ക്രൂരമാകാൻ കഴിയില്ല.
ചങ്ങാതിമാരോടൊത്തു പറമ്പുകളും പാടങ്ങളും മരങ്ങളും
ചക്കയും മാങ്ങയും പങ്കിട്ട കാലം ഓർമ്മയിൽ സൂക്ഷിക്കാം.
വിവാഹശേഷമുള്ള ഏപ്രിലുകൾ
സ്നേഹത്തിന്റെ നെടുംപാതകളിൽ ഞങ്ങൾ
അഞ്ച് ആറ് ഏഴു പേർ നിരന്നു കൈകോർത്ത്
വായ തോരിയിട്ട് ചുവടുവെയ്ക്കുമ്പോൾ
നന്മയുടെയും, ഓർമ്മകളുടേയും പ്രതീക്ഷകളുടെയും,
പുനർജനിയുടെയും പുനരർപ്പണത്തിന്റെയും
വസന്തം ഒപ്പമെത്തുന്നു, അനുഗ്രഹിക്കുന്നു.
'ഏപ്രിൽ ഏറ്റവും ക്രൂര മാസം' *
മഹായുദ്ധത്തിനവസാനം ആശകളറ്റ
യൂറോപ്പിന്റെ അവസ്ഥയായി കവി കുറിച്ച വരികൾ
വിയോജിപ്പിന്റെ ആയിരം പേനകൾ നിരത്തി
പ്രതിരോധിക്കുകയായിരുന്നൂ ഞാനിത്ര വർഷവും.
പിരിയൻ ഗോവണിയിലെ തെറ്റിക്കിടന്ന
ഒരു ചവുട്ടിയിൽ വീഴുകയായിരുന്നു.
സായാഹ്നത്തിൽ മുന്നിൽ നടക്കുന്ന ഇരുണ്ട
നിഴലിനെ ഭയപ്പെടേതില്ലായിരുന്നു.
ഒരുകൂട്ടം പൊട്ടിയ കണ്ണാടി ചില്ലുകളിൽ
വെളിച്ചം നുറുങ്ങിപ്പോയിരുന്നു.
പോയ ജന്മങ്ങളിൽ കുഴിച്ചു മൂടിയ വല്ലായ്മകൾ
മുളച്ചുവന്നു ഇലകൾ നിവർത്തുന്നുവോ?
സംസാരം വഴിമുട്ടിയ സന്ധ്യാദീപങ്ങൾ
ആലോചനാ മുറ്റത്ത് അലസരായ മുക്കൂറ്റി പൂക്കൾ.
അറിയാത്തൊരാൾ പറയാത്തൊരാൾ ഒപ്പമുണ്ട്.
പറയേതില്ല ഇനിയാരോടുമേ നന്ദിയൊന്നും
എല്ലാം അറിയിച്ചു കഴിഞ്ഞല്ലോ.
ഒന്നും പഴയതു പോലാകില്ലെന്നവർക്കറിയാമെങ്കിലും
മൊഴിഞ്ഞത് ആകുമെന്നായിരുന്നു.
ഇല്ല തിരക്കില്ല കാലമേ
നിൻ വിഷുകൈനീട്ടം പ്രതീക്ഷിച്ചിരിക്കുന്നു
കൊളുത്തിവെച്ച നിലവിളക്കല്പം
തലക്ക് പിന്നിലേക്ക് നീട്ടിവയ്ക്കട്ടെ ഞാൻ.

*ടി എസ് എലിയറ്റിന്റെ വേസ്റ്റ് ലാൻഡ്

നിന്റെ കൈവള

ഡോ. ശ്രീകാന്ത് രാമചന്ദ്രൻ

നിന്റെ കൈവള കിലുങ്ങുന്ന താളത്തിൽ മധുരമായ് ഏകനായ് ഞാൻ മയങ്ങി
കുന്നിക്കുരുക്കൾ നോക്കിചിരിച്ചു നക്ഷത്രമെന്ന പുണർന്നുവല്ലോ
തൂവെള്ളമഞ്ഞെൻ മനം കവർന്നു നിൻ പുഞ്ചിരി പൂമ്പാറ്റയായി
നിന്റെ കണ്ണിലെ കൃഷ്ണ മണികളിൽ എൻ മുഖം മാത്രമാണല്ലേ
ആ മുഖം നൃത്തം കളിക്കുന്ന കണ്ണിലോ തളം കെട്ടി നിൽക്കുന്നു കണ്ണുനീർ

ചപലയല്ലബലയല്ല ഒരു കൊച്ചുപൂവുപോൽ അനുഭൂതിഏകും മധുരമല്ലേ നീ മധുരമല്ലേ
എൻ ചഷകപാത്രത്തിലൂറുന്ന വീഞ്ഞിലും ലഹരിയാണല്ലോ നിൻ അധരത്തിലും
ചെമ്പകപ്പൂക്കൾ നിൻറെ കൺപീലികൾ മരതകം കൊണ്ടു നീ തിലകമിട്ടു
കൃഷ്ണമൃഗത്തിന്റെ കണ്ണുകളാർ തന്നു ?മയിലിൻ ഉടയാട കട്ടെടുത്തു..

എന്റെ നാവൂറു പാട്ടു നീ കേട്ടിട്ടു കരഞ്ഞതെന്തേ മിഴി നനഞ്ഞതെന്തേ
ഇല്ലിനി കാണില്ല എന്നു നീ ചൊല്ലി കടുംതുടി പേറി ഞാൻ പടിയിറങ്ങി
എന്റെ വഴിയിൽ അണഞ്ഞ വിളക്കുകൾ എന്റെ നാവിൽ വരളുന്ന പാട്ടും
നാവൂറു പാടി വീടുകൾ തേടി യാത്ര പറയട്ടെ ഞാൻ...

നിൻ ചില്ല് വളയിൽ ഒന്നെങ്കിലും തരുമോ എനിക്കെൻ മൺവീണ മീട്ടാൻ
കണ്ണീർ ചേർത്തു മീട്ടാൻ മൺവീണ കണ്ണീർ ചേർത്തു മീട്ടാൻ.



To hear the poem by Sreekanth please scan QR code



ഒരു കോവിഡ് മരണം

ഡോ. ബിജു ജോൺ

നിയമപരമായ മുന്നറിയിപ്പ് :
“ആദ്യകാല കോവിഡ് ഭീതിയുടെ (pre vaccination time) പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ കഥ ഒരു ഭാവനാ സൃഷ്ടി മാത്രമാകുന്നു “

'പ്രേമം ദുഖമാണുണ്ണി ,വാത്സല്യമല്ലോ സുഖപ്രദം. '
ആത്മാർത്ഥ സുഹൃത്തിൻറെ സാരോപദേശം കേട്ടതും ഒന്നാം വർഷ മെഡിസിൻ പി ജി വിദ്യാർത്ഥി സുമേഷ് തമ്പി രോഷാകുലനായി . ഇത് കേൾക്കാനായിരുന്നു എങ്കിൽ വികാരിയച്ചൻറെ അടുത്തു പോയൊന്നു കുമ്പസാരിച്ചാൽ മതിയായിരുന്നല്ലോ . ചങ്കാണ് , റൂം മേറ്റാണ് ,സോൾ മേറ്റാണ് എന്നൊക്കെ പറഞ്ഞു നടന്നിട്ടു ഒരാവശ്യം വന്നപ്പോ ചീഞ്ഞ ഉപദേശം.

എവിടെ ചെന്നാലും ഇപ്പൊ ഉപദേശകരാണ് . ഇന്നലെ വാർഡിനു നടുക്ക് വെച്ചാണ് സുലോചന മാഡത്തിന്റെ വക ഭേഷായിട്ടു കിട്ടിയത്.

'ഹെയ് സുമേഷ് യു സിം സൊ ഡിസ്ട്രാക്ടഡ് മാൻ . വല്ല പ്രേമമോ വല്ലതും ആണോ ? മെഡിസിൻ പിജി എന്താടോ തമാശയാണെന്നോർത്തോ ? .. ജെ വി പി മെഷർ ചെയ്യാൻ പറഞ്ഞതിന് താനെന്തിനാ പേഷ്യന്റിന്റെ കാലിനടുത്തു ചെന്ന് എന്തോ പോയ അണ്ണാനെ പോലെ നിൽക്കുന്നത് ?'

'കർത്താവേ ജെ വിപി യോ?' ശബ്ദമില്ലാതെ നിലവിളിച്ചു പോയി.
തക്ക സമയത്ത് മനസ്സിൽ അപായമണി മുഴങ്ങുകയും, പ്ലാന്റർ റിഫ്ലക്സ് എലിസിറ്റ് ചെയ്യാനായി കൊട്ടിന്റ പോക്കറ്റിലെ ക്നീ ഹാമ്മറിന്റെ കഴുത്തിൽ മുറുകിയ കൈ, മസ്തിഷ്കത്തിന്റെ ഉത്തരവിനു വേണ്ടി കാത്തു നിൽക്കാതെ സ്വയം പിന്തിരിയികുകയും ചെയ്തതു കൊണ്ട് കൂടുതൽ നാണക്കേടുണ്ടായില്ല

സുലോചന മാഡത്തിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇതെല്ലാം തന്നെ കൊണ്ട് ചെയ്യിക്കുന്നത് അവൾ ഒറ്റ ഒരുത്തിയാണ് – ആ സാറാമ്മ !

മാധത്തിന്റെ തന്നെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ "മോസ്റ്റ് ഫോക്കസ്ഡ് പി ജി' യിൽ നിന്നും "മോസ്റ്റ് ഡിസ്ട്രാക്റ്റഡ് പി ജി' യിലേക്ക് ഒറ്റ ആഴ്ച കൊണ്ടാണ് സാറാമ്മ തന്നെ കൈ പിടിച്ചു നടത്തിയത് .

കൃത്യം പത്തു ദിവസം മുമ്പാണ്, ഒരു കുളിർ തെന്നലായി, ഒരു നറു സൗരഭ്യമായി സാറാമ്മ തന്റെ ജീവിതത്തിലേക്ക് കടന്നു വന്നത്.

പബ്ലിക്ക് ലൈബ്രറിയുടെ ഒരു ഒഴിഞ്ഞ കോണിൽ നാണം കുണുങ്ങി നിൽക്കുകയായിരുന്നു കക്ഷി. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രണയ ലേഖനത്തിന്റെ ഉള്ളിൽ.

എന്തിനാണ് എന്റെ ബഷീർ സാറെ അങ്ങനെയൊരു കഥ എഴുതിക്കളഞ്ഞത്?

വായിച്ചപ്പോൾ മുതൽ പ്രണയലേഖനവും സാറാമ്മയും ആത്മാവിൽ കയറി പറ്റിപ്പിടിച്ചു കളഞ്ഞു. ഹൃദയത്തിൻറെ ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്ത അഞ്ചാമത്തെ അറയിൽ സാറാമ്മ സ്ഥിരതാമസമാക്കി കളഞ്ഞു. സാക്ഷാൽ ഹാരിസണിനെയും, ശർമ്മ സാറിന്റെ ഗഹനഗംഭീരമായ ക്ലിനിക്കൽ നോട്ടുകളെയും വരെ പ്രയോഗിച്ചു നോക്കി അവളെ ഇറക്കി വിടാൻ. പക്ഷെ സാറാമ്മ അനങ്ങിയില്ല .

'പ്രിയപ്പെട്ട സാറാമ്മേ,
ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തെ എന്റെ പ്രിയ സുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു'

ആ വരികൾ തന്നെ വിടാതെ പിടികൂടിക്കളഞ്ഞു എന്നറിഞ്ഞപ്പോൾ താമസിച്ചു പോയി. യൗവനതീക്ഷ്ണമായ തന്റെ ജീവിതത്തിൽ പ്രേമസുരഭിലത ഇല്ല എന്ന നഗ്നസത്യം തിരിച്ചറിഞ്ഞ നിമിഷം അയാൾ തികച്ചും വിവശനായി പോയി .

എങ്ങനെയെങ്കിലും പ്രേമസുരഭിലത ജീവിതത്തിൽ നിറച്ചെ പറ്റൂ .
അതിനായുള്ള പല പദ്ധതികൾ മനസ്സിൽ കൂടി പ്രകാശ വേഗത്തിൽ പൊയ് ക്കൊണ്ടേയിരിക്കുന്നു .

അതിനിടയ്ക്ക് എന്ത് പ്ലാന്റെർ? എന്ത് ജെ വി പി ? എന്ത് ഫോക്കസിങ് ?

"ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രേമിക്കണം. ഇല്ലെങ്കിൽ അതൊരു വൻ നഷ്ടമാണ്" എന്ന് താടിയും മുടിയും നീട്ടി വളർത്തി നടക്കുന്ന ആ SR ചേട്ടൻ ഇന്നലെ കഫെറ്റീരിയയിൽ വെച്ച് പറഞ്ഞത് കേട്ടപ്പോൾ , ഓടി അടുത്തു ചെന്ന് കാരണം ചോദിച്ചതും അയാളുടെ മനസ്സിൽ തെളിഞ്ഞു .

ചുരുങ്ങിയ കാലത്തിനിടയിൽ കിട്ടിയ അനുഭവങ്ങളുടെ മുഴുവൻ ഗാംഭീര്യവും, വിഷാദാത്മകതയും മാസ്ക ുണ്ടായിട്ടു കൂടി, മുഖത്തു വരുത്തി കൊണ്ട് അദ്ദേഹം പറഞ്ഞതും അപ്പോൾ തന്നെ മനസ്സിൽ കുറിച്ചിട്ടിരുന്നു .

"പ്രേമിക്കണം, ആത്മാർത്ഥമായി– അതൊരു അനുഭവമാണ് സുമേഷ്. ജീവിതത്തിൽ പകരം വെക്കാനില്ലാത്ത അനുഭവം. അത് കഴിഞ്ഞു അവൾ സുമംഗലിയാവുകയും, നമ്മൾ അമംഗലനായി തുടരുകയും ചെയ്യുന്ന ആ സമയം,.. അത് ജീവിതം തരുന്ന ഏറ്റവും വലിയ പാഠം ആണ് . അതിൽ നിന്ന് കര കയറുന്ന നാം പിന്നീട് ഒരു പ്രതിസന്ധിയിലും തളരില്ല"

അതെ ആ മധുരാനുഭവം , ആ പ്രണയ പാഠം അത് അത്യന്താപേക്ഷിതം തന്നെ. അതനുഭവിക്കണം. പറ്റിയ ഒരു സാറാമ്മയെ ഉടനെ കണ്ടെത്തിയേ തീരു .

കാര്യങ്ങൾ ചങ്ക് ബ്രോയുമായി ഒന്ന് പങ്കു വെച്ചതാണ് . അപ്പഴാണ് കോമഡി കവിത.

'അല്ല അപ്പൊ പേരും തീരുമാനിച്ചോ –സാറാമ്മ തന്നെ വേണോ?' ആ അരസിക പരിഷയുടെ അടുത്ത ചോദ്യം .

'എടാ സാറാമ്മ എന്നത് സിമ്പോളിക്ക് ആയി പറഞ്ഞെന്നെ ഉള്ളൂ . ആള് സത്യ ക്രിസ്ത്യാനി ആയിരിക്കണം. പ്രായം കൊണ്ട് ജൂനിയർ ആയിരിക്കണം. ഹൗസ് സർജൻ അല്ലെങ്കിൽ ഫൈനൽ ഇയർ MBBS.'

'ഇതിപ്പോ വീട്ടുകാരോട് പറഞ്ഞാ പോരെ. അവര് കൃത്യമായി അന്വേഷിച്ചു കണ്ടുപിടിക്കുമല്ലോ, അല്ലെങ്കി ഏതെങ്കിലും മാട്രിമോണിയൽ വെബ്സൈറ്റ്. സംഗതി എളുപ്പമല്ലേ'

'അത് ശരിയാവില്ല . അപ്പൊ സംഗതി അറേൻജ്ഡ് മാര്യേജ് പോലെ ആവില്ലേ. അപ്പൊപിന്നെ എങ്ങനെ പ്രേമസുരഭിലത ലഭിക്കും ?'

'അത് ശരി അറേൻജ്ഡ് മാര്യേജ് പോലെ എല്ലാ പൊരുത്തങ്ങളും ഒത്തു വരുകേം വേണം, അനശ്വര ദിവ്യ സ്വാഭാവിക പ്രേമം ആവുകേം വേണം '

'വേണം. പൊരുത്താന്വേഷണം ഒരു ഗണിതപ്രക്രിയയും, പ്രേമം ഒരു രാസപ്രക്രിയയും . അവ തമ്മിൽ എന്ത് കൊണ്ട് സംയോജിച്ചു കൂടാ? ഗണിതവും രസതന്ത്രവും സംയോജിച്ചപ്പോഴാക്കെ സുപ്രധാന സംഭാവനകൾ ലോകത്തിനു ലഭിച്ചിട്ടുണ്ട് '

'അതെ…. മോനിവിടിരുന്നു സംയോജിപ്പിക്ക്. എനിക്ക് വേറെ പണിയുണ്ട്. മെസ്സിലു് ഇന്ന് പൊറോട്ടേം ബീഫും ആണ്. ഞാൻ അതു രണ്ടും കൂടി ഒന്ന് സംയോജിപ്പിച്ചെച്ചു വരാം .'– സുഹൃത്ത് എഴുനേറ്റു.

ഹാരിസണോടും ക്ലിനിക്കൽനോട്സിനോടും, ജെ വി പിയോടും ഒക്കെ സധൈര്യം പട പൊരുതി അനായാസ വിജയം കൈവരിച്ച സാറാമ്മയ്ക്ക് പക്ഷെ പൊറോട്ടയുടെയും ബീഫിന്റെയും മുന്നിൽ പിടിച്ചു നിൽക്കാൻ സാധിച്ചില്ല . ഒട്ടും സമയം പാഴാക്കാതെ സുമേഷ് തമ്പിയും സുഹൃത്തിനോടൊപ്പം മെസ്സിലേക്കു നടന്നു . .
പക്ഷെ പൊറോട്ടയുടെ വിജയം താൽക്കാലികം മാത്രം ആയിരുന്നു. സംതൃപ്തമായ ആമാശയത്തോടെ മടങ്ങുന്ന സുമേഷിന്റെ മനസ്സിലേക്ക് രൂപവും ഭാവവും ഇല്ലാത്ത സാറാമ്മ പൂർവ്വാധികം ശക്തിയോടെ ഇരച്ചു കയറി .

അവളെ വരവേറ്റു കൊണ്ട് അയാളുടെ പ്രണയാതുര ഹൃദയം വിറച്ചു. ആ തുടിപ്പുകളിൽ പങ്കുചേരാൻ വെമ്പൽ കൊണ്ട് അയാളുടെ ഇടതു കരം അറിയാതെ, ആ വിറയലിന്റെ പ്രഭവ കേന്ദ്രത്തിലേക്ക് പാഞ്ഞു .

ആ പ്രണയ തുടിപ്പുകളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കൈയിലെ രോമങ്ങൾ ചാടിയെഴുന്നേറ്റു. ശരീരത്തിലെ സമസ്തകോശങ്ങളും ആ മനോഹര വികാരവിക്ഷുബ്ധതയിൽ പങ്കുചേരാൻ തയ്യാറായപ്പോഴും ഒരവയവം മാത്രം മുഖം തിരിച്ചു നിന്നു – മസ്തിഷ്കം. കൈയിലെ നാഡി ഞരമ്പുകൾ എത്തിച്ച സന്ദേശം വികാരങ്ങളുടെ തിരതള്ളലിൽ പെടാതെ, ബൗദ്ധികമായി അപഗ്രഥിച്ച ആ ശ്രേഷ്ഠാവയവം ഈർഷ്യയോടെ അതിന്റെ ഉടമസ്ഥനോട് പറഞ്ഞു .

“എടാ പൊട്ടാ, ആ കിടന്നു വിറയ്ക്കുന്നത് നിന്റെ ഹൃദയമൊന്നുമല്ല .പോക്കറ്റിൽ കിടക്കുന്ന മൊബൈൽ ഫോണാണ്. തിരിച്ചറിവിന്റെ നൊമ്പരം ഉൾക്കൊണ്ടുകൊണ്ട് എഴുനേറ്റു നിന്ന രോമങ്ങളെല്ലാം വീണ്ടും സുഷുപ്തിയിൽ ആണ്ടു. കണ്ണീരൊലിപ്പിച്ചുകൊണ്ട് പാവം സാറാമ്മ ഹൃദയത്തിലെ അഞ്ചാമത്തെ അറയിൽ നിന്ന് ഇറങ്ങി ഓടി.

SMS വന്നതാണ്. സാറാമ്മാപലായനം സൃഷ്ടിച്ച വ്യഥയിൽ മുങ്ങിയാണ് വായിച്ചതെങ്കിലും, ആ SMS അയാളെ ഊർജ്ജസ്വലനാക്കി. കാത്തിരുന്ന മെസ്സേജ് തന്നെ.
Covid 19 വാക്സിനേഷനായുള്ള ക്ഷണപത്രം. നാളെ ഒമ്പതു മണിക്കും അഞ്ചു മണിക്കും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ. ഒമ്പതു മണിക്ക് തന്നെ പൊയ്ക്കളയാം. രാത്രി അയാൾ സുഖമായി ഉറങ്ങി. ഉറക്കത്തിൽ പതിവുപോലെ ധാരാളം സാറാമ്മകൾ അയാളെ സന്ദർശിച്ചു. പക്ഷെ അതിൽ ഒരു സാറാമ്മ മാത്രം വ്യത്യസ്ഥത പുലർത്തി. നിറം അല്പം ഇരുണ്ടതാണെങ്കിലും, ചുറ്റിനുമുള്ള ധവളിമയുടെ അതിപ്രസരത്തിൽ ആ ശ്യാമത്തിനും ഒരു പ്രത്യേക ഭംഗി. വെള്ള സാരി, വെള്ള കോട്ട്, വെളുത്ത മാസ്ക് , കഴുത്തിൽ കുരിശുമാല. ചിരിക്കുന്ന, കഥ പറയുന്ന സമുദ്രനീലിമ തിളങ്ങുന്ന കണ്ണുകൾ. കൈയിൽ നീട്ടിപ്പിടിച്ച. @@** ശ്ശെ !!! അതെന്താണെന്നു വ്യക്തമായി കാണാൻ പറ്റിയില്ല . നശിച്ച അലാറം ആ കൃത്യ സമയത്തു അലറി വിളിച്ചു. അയാൾ ഉണർന്നു. പുത്തൻ പ്രഭാതം ! പുതിയ പ്രതീക്ഷ കൾ! പ്രഭാത രശ്മികൾക്കു ഒരു പ്രത്യേക സൗന്ദര്യം ! കോവിഡുമായിട്ടുള്ള യുദ്ധത്തിൽ നാഴികക്കല്ലാകാൻ പോകുന്ന ദിവസം.
“ദ വാക്സിനേഷൻ ഡേ “!
ഉത്സാഹത്തിനു കുറവൊന്നുമില്ലെങ്കിലും ചെറിയ ഒരു ഭയം. ശരീരത്തിൽ സൂചി കയറുന്നതു അയാൾക്ക് ഒരിക്കലും ഒരു പ്രശ്നം ആയിരുന്നില്ലെന്നു മാത്രമല്ല, ചെറിയ ഒരു സന്തോഷവും ലഭിച്ചിരുന്നു. കാരണം ആ ശരീരങ്ങളൊന്നും സ്വന്തമല്ലായിരുന്നല്ലോ. പക്ഷെ ഇതിപ്പോ !
’ഡോണ്ട് വറി മാൻ, ആഫ്റ്റർ ആൾ യു ആർ ഐ ഡോക്ടർ. ബി കൂൾ! ’ അയാൾ സ്വയം ആശ്വസിപ്പിച്ചു.

വാക്സിനേഷന് വേണ്ടിയായതിനാൽ യൂണിറ്റ് ചീഫിന്റെ സമ്മതം കിട്ടാൻ പ്രയാസം ഉണ്ടായില്ല. പതിവില്ലാതെ സുലോചന മാഡം സ്നേഹത്തോടെ ഒന്ന് സമാശ്വസിപ്പിക്കുകയും ചെയ്തു.
“ഒരു ചെറിയ പിൻ പ്രിക് ഇൻ ദി ഡെൽറ്റോയ്ഡ്. ഇറ്റ് ഈസ് നതിങ്. എടുത്തിട്ട് താൻ വേഗമിങ്ങ് പോര്. പോസ്റ്റ് അഡ്മിഷൻ ഡേ ആണെന്നറിയാമല്ലോ.‘

ഒരിത്തിരി കൂടി സ്നേഹം കാണിക്കാമായിരുന്നു മാഡത്തിന്. “ഒരു രണ്ടു ദിവസം റെസ്റ്റ് എടുത്തോ സുമേഷ്” എന്ന് പറയാമായിരുന്നു. ആ പോട്ടെ .

വാക്സിനേഷൻ സെൻററിൽ വലിയ തിരക്കൊന്നുമില്ല. കാര്യങ്ങളെല്ലാം വളരെ സ്മൂത്ത്. പക്ഷെ രാവിലെ മുതൽ തുടങ്ങിയ ആ അസ്വസ്ഥത–അതു കൂടി കൂടി വന്നു. ഭയമാണോന്ന് ചോദിച്ചാൽ –ആണോ – ഏയ് . ഭയമല്ല . പക്ഷെ ഒരു അരക്ഷിതാവസ്ഥ . ഇതിനു മുമ്പ് സ്വശരീരത്തിൽ സൂചി കയറിയ അവസരങ്ങളിലെല്ലാം, ചെറിയ ബോധക്കേടും നാണക്കേടും ഒക്കെ ഉണ്ടായിട്ടുണ്ടെന്നത് ശരി തന്നെ. പക്ഷെ അതൊക്കെ എത്രയോ വർഷങ്ങൾക്കു മുമ്പ് . ഇതിപ്പോ പക്ഷെ അകത്തോട്ടു കയറുന്ന സാധനത്തെ കുറിച്ച് തന്നെ ഒരു വിശ്വാസ കുറവ് . ഫേസ് 3 ട്രയൽ ശരിയായ രീതിയിൽ നടന്നില്ലെന്നും, ഈ നടക്കുന്നത് തന്നെ ഒരു ട്രയൽ ആണെന്നും ഒക്കെയുള്ള പല സംസാരങ്ങളും കേട്ടു. കർത്താവേ കാത്തോണേ ?

“Dr Sumesh Thampy.....“
വാക്സിനേഷൻ ക്യൂബിക്കിളിൽ നിന്നും ഒരു മധുര നാദം. നാദത്തിനു ഒട്ടും ചേരാത്ത മേദുര ഗാത്രം.

ഇവരുടെ കൈയിൽ നിന്നാണോ ചരിത്രത്തിലെ നാഴികക്കല്ലായ ഈ സൂചി കുത്തു ഏൽണ്ടേക്കത്. രാവിലെ വായിച്ച ഒരു ബൈബിൾ വചനം മനസ്സിലേക്ക് വെറുതെ ഓടിക്കിതച്ചെത്തി .
“രോമം കത്രിക്കുന്നവന്റെ മുമ്പിൽ ചെമ്മരിയാട് പോലെ അവൻ മിണ്ടാതിരുന്നു.”ശരി അങ്ങനെ തന്നെ ചെയ്തേക്കാം.

പെട്ടെന്നാണ് അത് കണ്ടത് . അവരുടെ അപ്പുറത്തു വശം തിരിഞ്ഞു നിന്നു എന്തോ എടുക്കുന്ന വേറൊരു സിസ്റ്റർ. അതെ, വാക്സിൻ വയലിൽ നിന്നും മരുന്ന് സിറിഞ്ചിൽ നിറയ്ക്കുന്നു. ഓഹോ.. അപ്പൊ അവരാണ് വാക്സിനേറ്റർ.

ആ കൃശഗാത്രി സിറിഞ്ചുമായി തനിക്കു നേരെ തിരിഞ്ഞ നിമിഷം അയാൾക്ക് ശ്വാസം മുട്ടുന്നത് പോലെ തോന്നി. ഹൃദയമിടിപ്പിൻറെ വേഗം കൂടുന്നു. തൊണ്ടയിൽ നനവ് തീരെയില്ല. ഒന്നുകൂടി നോക്കി. അതെ ഒരു സംശയവുമില്ല. അവൾ തന്നെ. തലേ ദിവസത്തെ സ്വപ്നത്തിൽകണ്ടു. അതേ സാറാമ്മ !! സ്വപ്ന സാറാമ്മ !!

അതേ സാരി, അതേ കോട്ട്, അതേ മാസ്ക്. കണ്ണുകൾക്ക് നീലിമ ഇത്തിരി കൂടി വർദ്ധിച്ചിരിക്കുന്നു. ഈശ്വരാ ഇതാ സ്വപ്നത്തിൻറെ തുടർച്ചയാണോ. സ്വപ്നത്തിൽ മിസ്സായ സാധനവും ദാ ഇപ്പോൾ വ്യക്തം – സിറിഞ്ച് !

ജീവിതത്തിൽ ആദ്യമായി അയാൾ ഒരു കുത്തിവെയ്പ്പ് യാതൊരു പ്രതിഷേധവും ഇല്ലാതെ ഏറ്റു വാങ്ങി. ശരീരത്തിൽ സൂചി കയറി ഇറങ്ങിയതോ, അതിനു ശേഷം വാക്സിനെറ്റർ എന്തൊക്കെയോ പറഞ്ഞതോ ഒന്നും സുമേഷ് അറിഞ്ഞില്ല, കണ്ടില്ല. കേട്ടില്ല. ഒരായിരം കുത്തിവെപ്പുകൾ വേണമെങ്കിലും അയാൾ ആ നിമിഷം സ്വീകരിച്ചേനെ!

"അയ്യോ ഡോക്ടർജി ആ കോട്ടിൻറെ പിസ് അവിടെ ഇൻജെക്ഷൻ സൈറ്റിൽ ആണ് അമർത്തേണ്ടത് "

കുത്തിവെയ്പ്പെടുത്ത സ്ഥലത്തു അമർത്തേണ്ട കോട്ടൺ, താൻ അമർത്തിക്കൊണ്ടിരുന്നത് കസേരയുടെ കൈയിൽ ആണെന്നതു ജാള്യതയോടെ തിരിച്ചറിഞ്ഞ അയാൾ പറഞ്ഞു .

"ഓ സോറി വേറെന്തോ ഓർത്ത് പോയി .കഇഡ വിൽ ഒരു രോഗി ക്രിട്ടിക്കൽ ആണ് അദ്ദേഹത്തിനെ കുറിച്ച് ഓർത്ത് പോയതാണ് സോറി "

പ്രതികരണം വന്നത് ഒരു തുമ്മലായിട്ടാണ്. ഇതെന്താണിങ്ങനെ ?. ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു "സോറിക്ക്" ഉത്തരമായി ഒരു "തുമ്മൽ" ലഭിക്കുന്നത്. സ്വാഭാവിക മാനുഷിക ചോദന മാത്രമായിരിക്കാം. അല്ലെങ്കിൽ അദൃശ്യമായ, അവാച്യമായ ഏതോ രാസമാറ്റം ആ സാറാമ്മയുടെ നാസികാന്തർഭാഗത്തു താൻ മൂലം സൃഷിക്കപ്പെട്ടിരിക്കാം. പക്ഷെ അതിലും ദുരൂഹമായ കാര്യം, അതിൻറെ അലയൊലികൾ അയാളുടെ നാസികാന്തരാളങ്ങളിലും ചില ചലനങ്ങൾ സൃഷ്ടിച്ചു എന്നതായിരുന്നു. ഓക്കി കൊടുങ്കാറ്റു പോലെ ഒരു ഉച്ഛ്വാസ തള്ളൽ തന ഉള്ളിൽ ഉരുണ്ടുകൂടുന്നത് അയാൾ തിരിച്ചറിഞ്ഞു. പ്രതിരോധ ശ്രമങ്ങളെ വിഫലമാക്കി അത് പുറത്തേക്കു വിസ്ഫോടിക്കുകയും ചെയ്തു. വാക്സിനേറ്ററുടെ തുമ്മലിനെക്കാൾ പ്രഹരശേഷി ഉള്ളതായിരുന്നു വാക്സിനേറ്റ് ചെയ്യപ്പെട്ട ആളുടേതു !

മാസ്കിൻറെ പരുപരുപ്പും, തൊലിയുടെ മിനുമിനുപ്പും തമ്മിലുള്ള ഘർഷണഫലം മാത്രമാണ് ഈ പ്രക്രിയയുടെ കാരണം എന്നത് സുമേഷ് മറന്നു. പകരം അയാളുടെ മനോവിചാരങ്ങൾ കാല്പനികതയുടെ പുഷ്പക വിമാനത്തിലേറി പറന്നു.

അനിച്ഛാപൂർവ്വകമായ ഒരു പ്രക്രിയ രണ്ടു ശരീരങ്ങളിൽ ഒരേ സമയത്ത് നിർവ്വഹിക്കപ്പെടുക.

അതൊരു ശുഭസൂചന അല്ലെ ?

ശോഭന ഭാവിയുടെ ഒരു നാന്ദിയല്ലേ ആ ഏക കാലിക തുമ്മൽ ?

മനസ്സുകൾ ഏകതാനമായി പ്രവർത്തിക്കുന്നു എന്നല്ലേ അതിന്റെ അർത്ഥം ?

മാസ്ക് തെല്ലൊന്നു താഴ്ത്തി തൂവാല കൊണ്ട് നാസികാ രന്ധ്രങ്ങളിൽ അയാളൊരു ദ്രുതസേതുബന്ധനം നടത്തി. ചെറിയൊരു ചളിപ്പോടെ ഏറുകണ്ണിട്ടു നോക്കിയ അയാൾ ഒന്ന് ഞെട്ടി. എതിർവശത്ത് തന്റെ വാക്സിനേറ്ററും തുമ്മൽ പ്രക്രിയയ്ക്ക് ശേഷം അത് തന്നെ ചെയ്യുന്നു. ഈശ്വരാ എന്തൊരു മനപ്പൊരുത്തം !

എന്തൊരു തുമ്മൽ പൊരുത്തം !

എന്തൊരു തമ്മിൽ പൊരുത്തം !

പൊരുത്തങ്ങളുടെ ഘ്രോഷയാത്ര തുടർന്നു. രണ്ടുപേരും ഒരേ സമയത്തു മാസ്ക് നേരെയാക്കി, എന്നിട്ടു ഒരേ സമയത്തു പറഞ്ഞു "സോറി".

രണ്ടു സോറികളും തമ്മിൽ മഹാഭാരതം സീരിയലിൽ അമ്പുകൾ തമ്മിൽ ഏറ്റു മുട്ടുന്നത് പോലെ അന്തരീക്ഷത്തിൽ വെച്ച് ഏറ്റുമുട്ടി പൊട്ടിച്ചിതറി ഒരായിരം സോറി കഷണങ്ങളായി പാറി നടന്നു.

ഒരു സ്വപ്നത്തിൽ എന്ന പോലെ അയാൾ അവിടെ നിന്നും ഇറങ്ങി.

അര മണിക്കൂർ നിരീക്ഷണത്തിൽ ഇരുന്നതോ, അതിനു ശേഷം വാക്സിനേഷൻ സർട്ടിഫിക്കറ്റ് വാങ്ങി അവിടെ നിന്നിറങ്ങിയതോ ഒന്നും അയാളുടെ ബോധമനസ്സിൽ പതിഞ്ഞതെ ഇല്ല.

പക്ഷെ ഒരു കാര്യം മാത്രം ശരിക്കും പതിഞ്ഞു.

വാക്സിനേഷന് ശേഷം ഫോണിൽ വന്ന മെസ്സേജ്.

"പ്രിയ സുമേഷ് തമ്പി അഭിനന്ദനങ്ങൾ. ……." എന്നിങ്ങനെ തുടങ്ങുന്ന ഹൃദ്യമായ സന്ദേശം. അത് പക്ഷെ കാളിദാസൻറെ മേഘ്സന്ദേശം പോലെയാണ് സുമേഷിന് അനുഭവപ്പെട്ടത്. അത്രയ്ക്ക് കാവ്യമനോഹരമായിരുന്നു അതിന്റെ അടുത്ത വരി.

"താങ്കൾക്ക് കോവിഷിൽഡ് വാക്സിൻ വിജയകരമായി വാക്സിനേറ്റർ ഫിലോമിന തന്നിരിക്കുന്നു".

പേരിന്റെകൂടെ ബ്രാക്കെറ്റിൽ കക്ഷിയുടെ മൊബൈൽ നമ്പറും.

തലേന്നത്തെ സ്വപ്ന സാറാമ്മ കൺമുമ്പിൽ വാക്സിനേറ്റർ ഫിലോമിന ആയി അവതരിക്കുക. ആവശ്യപ്പെടുക പോലും ചെയ്യാതെ ഫോൺനമ്പർ തരുക. ഇല്ല ഇതൊന്നും ഒരിക്കലും കേവല യാദൃശ്ചികതകൾ അല്ല. ഇത് നിയതിയുടെ അതി സൂക്ഷ്മ ആസൂത്രണം തന്നെ. അതെ പ്രേമസുരഭിലതിയിലേക്കുള്ള താരകാകീർണ്ണ പാത ഇതാ തന്റെ മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു.

അങ്ങനെ മൃദുല വികാരങ്ങളുടെ മേഘ്ല പാളികളുടെ മുകളിൽ ഒരപ്പൂപ്പൻ താടി പോലെ ഒഴുകി വാർഡിൽ തിരിച്ചെത്തിയ സുമേഷിനെ കാത്തിരുന്നത് സുലോചന മാധത്തിൻറെ നിർദ്ദയ നിശിത വാക് മർദ്ദനങ്ങൾ ആയിരുന്നു .

ചെറിയ ചില നിസ്സാര വീഴ്ചകൾ സുമേഷിന്റെ ഭാഗത്തു നിന്ന് ഉണ്ടായി എന്നത് ശരിയാണ് .

ഉദാഹരണത്തിന് ഹെഷ്ട്ടെറ്റിസ് രോഗിയുടെ ബിപി എടുക്കുമ്പോൾ കഫ് അടുത്തിരുന്നു ശുശ്രൂഷിച്ചിരുന്ന ഭാര്യയുടെ കൈയിൽ അറിയാതെ കെട്ടിപോയി.

ന്യൂമോ തൊറാക്സ് രോഗിയുടെ ചങ്കിൽ പട പടാ വിരല് കൊണ്ട് മദ്ദളം കൊട്ടിയിട്ട്, "മാം നല്ല അസൈറ്റിസ് ഉണ്ട് എന്ന് വളരെ വിനയത്തോടെ പറഞ്ഞു പോയി .

ലിവർ സിറോസിസ് രോഗിയുടെ വലതു ഭാഗത്തെ ആറാം വാരിക്കുടിയിൽ സസ്നേഹം തലോടിയിട്ട് സ്പ്ലീനോമെഗാലി കണ്ടു പിടിച്ചു. അങ്ങനെ വളരെ നിസ്സാരമായ, പൊറുക്കാവുന്ന വീഴ്ചകൾ!

പക്ഷെ സുലോചന മാധം പൊറുത്തില്ല മാധത്തിന്റെ ഒരു പ്രവർത്തന രീതി വെച്ച് നോക്കിയാൽ അതിൽ ഒരത്ഭുതവുമില്ല .

പക്ഷെ സുമേഷിന്റെ പ്രതികരണം.. അത് ഞെട്ടിച്ചു കളഞ്ഞു! സുലോചന മാധത്തിനെയും! സുമേഷിന്റെ സഹപിജി കളെയും ! എന്തിന് .. സുമേഷിനെ തന്നെയും !

(തുടരും)

Dr. Anagha Heroor

THOUGHTS OF A FRIEND..

Whenever you see a shooting star..
Or a rainbow shining high & far..

When you hum the tune you love..
Or watch the soaring birds above..

When you feel the freshness of the breeze..
Or the whispers of the rustling trees..

Think of me...for you I care.. As a friend, I'd like to share..

Share with me your smiles & tears .. Share with me your joys & fears..


In times of need, just think of me..
Be sure, right there, friend , I shall be..

Someday when we are miles apart.. You'll find me still close to your heart..

Think of me, then, as you'd always do..
For I'd be also thinking of you!



THROUGH THE PUPIL



Dr. Krishnamoorthy

English,its a wonderful language, roots go very deep as well,
The more, one dwells within, the more one gathers in a swell,
Where you can recite a verse in a play and play in a recital,
You can drive in parkways and yet park in driveways as well.

One such word puzzled me, forced me to browse it very well,
Pupil, the word oft familiar to the oculist, aids me to dwell,
Heard every morn, headcounts loudly spell this as a whole,
Besides the student, conveys the novice or the follower's role,

All living things under the sky enjoy their sight on the whole,
Iris of the eye also permits the light through this central hole,
This hiatus in iris, the most looked by clinicians on the whole,
The size, the shape or its color or its occlusion spells its role,

Ability or inability to conduct light spreading bloom or gloom,
The much sought after organ on view in intensive care room,
Usually one in each eye, rarely two, a conduit for light or sight,
Physician's diagnostic aid, when the patient is in bad plight.

Drugs, poisons, head injury or eye disease show up in daylight,
In a coma state, surgeons and physicians' lead kindly to light.
Living with bloom or lying in state, the pupil decides the state
Responds to light in life ,go dilated and fixed, decides the fate .

Oculist's bread and butter, lunch or supper, pupil is the decider,
Optic nerve in health or disease, the evidence of a brain teaser,
Fluid pressure of brain and eye, pupils lead the bandwagon,
Non reacting partner reveals the flamed sight in inflammation.

Medical Jargon adds surnames to point the disease in question,
Assess the state of brain or eyes aid the treatment in precision,
Marcus Gunn pupil, Adie's and Horner's and the pin point pupil,
Like a novice medico in darkness, it's ever a rigmarole pupil
KRISHNAMOORTHY

ആദ്യത്തെ



ഡോ. ബിജു ജോൺ

വേനൽച്ചൂടിലെരിയുന്ന ഭൂമിക്കു
സാന്ത്വനമായി, തലോടലായി

ആദ്യത്തെ മഴയുടെ ആരവമെത്തി
ആദിത്യനംബുദാശ്ലേഷിതനായി

ആദ്യസ്പർശന നിർവൃതികാംക്ഷിയാ
മാദ്യരാവിലെ നവവധു പോൽ

വ്രീളാലോലവിലോലിതയായ് നിന്നു
വസുമതി , ശുഷ്ക്ക വസനിതയായി

ഊഷരഭൂമിയിൽ പുളകം വിതച്ചതാ
ആദ്യ നീർത്തുള്ളികൾ മണ്ണിൽ പതിക്കവേ

പുൽക്കൊടിത്തുമ്പും പുതുനാമ്പുമേകി
ആദ്യരോമഹർഷത്തിൻ മധുരാനുഭൂതി

പുതുമണ്ണിൻ പുഷ്കല മദഭരഗന്ധമോ
അംഗരാഗമായവളുർവ്വരയായി

ഉൽക്കടമേതോരുൾ പ്രേരണയാൽ
ആ മഴയത്തു ഞാനും നനഞ്ഞു നിൽക്കെ

മുള പൊട്ടിയെന്നിലും ചില ചിന്തകൾ,
എപ്പഴോ പാകിയ വിത്തുകളാവാം

ആദ്യത്തെതെന്തും സുന്ദരമല്ലേ
ആ ഓർമ്മകളെന്നും കരളിലില്ലേ

അദ്യ പ്രണയത്തിൻ സ്നിഗ്ദ്ധമാം ഓർമ്മകൾ
ആയുസ്സുള്ളോളവും നിൽക്കുകില്ലേ

ആദ്യത്തെ കൺമണിയാദ്യമായ് നൽകിയ
പാൽപ്പുഞ്ചിരിക്കെന്തു പകരമാകും?

ആദ്യത്തെ ചുവടുകളാദ്യത്തെ വാക്കുകളാ
ദ്യത്തെ കണ്ണുനീർ തുള്ളി പോലും

അനുപമനിതരമപ്രമേയമാം
അനുഭൂതിയുള്ളിൽ പകരുകില്ലേ



അംഗരാഗം= നാ. ശരീരത്തിൽ പൂശുന്നതിനുള്ള കുറിക്കൂട്ട്, സുഗന്ധദ്രവ്യം
വസുമതി = ഭൂമി, വസനം = വസ്ത്രം

Random Musings of an Ophthalmologist

Dr. Nathasha Radhakrishnan

What is this life if full of care
We dont have time to stop and stare..."

When will we ever stop and stare?

I am surrounded by doctors of different specialities, the husband is a neurosurgeon, one sister is a hematooncologist in that capital of capitalism USA, another is a GP in booming Britain(well, their currency still is ,even if economy isnt !!) and brother in law is an A and E doc there.Not to mention close friends all over the world covering almost every single speciality possible.This is just to present my credentials to present what I am about to comment on , before you pass judgement that I am not qualified to talk about it.
But , in all their professional lives, in all their specialities, small or big, never have I seen this phenomenon that we have in Ophthalmology ...the never ending phenomenon of continuing continuing medical education. Dont get me wrong, I am all for education and quite in agreement with the bloke who said Man should be a lifelong learner or words to that efect. Absolutely right he was but I am sure even he didnt forsee the lengths to which we eye specialists would go to fulfil his words

My fellow eye specialist whatsapp groups are literally flooded with CME pamphlets every week. Every subspeciality worth its salt has yearly and some even bi yearly meetings, every eye hospital proclaims its existence every year with a dedicated CME, every Ophthalmic club announces its clout with its own flagship CME, every State organisation has its annual conference, the National one has doubled it to twice a year now.Not to forget, prolific virtual ones that crowd even your workday evenings . Then of course more weekday programmes with subspecialty regional meets, club meets, clinical clubs and what have you!
As a result, I have now more than one conference to choose if i did want to attend a conference on a sunday! (and somedays, you can decide whether you want to head north or south because there are two happening at the same time)

Which brings me to my point..I dont want to.
I and all others, who work as eye docs in this blessed land of ours (that took so many lessons from the British including our education and railways but didnt think of adopting their five day week.)...we work 6 days a week and most of the time 12 hours a day ...if u assume a 6 hour sleeptime(which again many of us dont get) we spend only 6 hours doing something else which includes, cooking, shopping, home work, next days cooking and everything in between.That leaves an average eye doc hardly any time for a breather during a normal working week.The only relief is that one day...Sunday... when u can actually wake up a little late, have a leisurely breakfast, maybe even get some time out in the garden or balcony, eat lunch together as family , snooze a bit or catch up with a book or movie for the afternoon, do some outdoor activity with the kids in the evening before the preparation for the next week begins.This is what normal, ordinary doctors do...neurosurgeons, anasthetists, cardiologists , you name it, they all do this on a regular sunday plus add in some churchgoers, some temple visits, a wedding or reception and some house visits.
But what do we, eye specialists do?
We attend CMEs...
But why?
Because ours is a ever changing speciality
Because our PG education is not up to the mark
Because we have to keep up with the trend and our hospital must not be behind
Because our club cannot be behind the others in the number of CMEs
Because we have to educate the " general practioners" in our subspeciality...
The list of answers is endless.
But, if you really took a long hard look at it...is it really the truth?
The national and state conferences held every year with much fanfare and abundant financial expenditure are more than enough to showcase new breakthroughs and newer concepts...who are we fooling as if breakthroughs in Ophthalmology occur every week?

The subspecialty conferences every year showcase the changes in each of these also fairly adequately.
Most of the so called "GPs" or "GOs" (that itself is a near extinct group) do not attend any of these subspeciality meetings anyway.
The post graduates in earlier days had to attend CMEs outside state because training in kerala was comparatively poor in many subspecialities 30 years back but that is no longer the situation. Our PG training institutes are more than equipped to give them the knowledge and skills they require to become competent ophthalmologists and for exams, they have dedicated post graduate teaching CMEs anyway.

So , on all counts, a CME every sunday is a crazy situation.When i started practising in kerala, it was a matter of pride and great prestige to be called as faculty for a CME.But, soon I realised that the more you accept, the less personal time you have. And when it is more than a sunday a month, it takes away the one day of rest and recharge that you have. From the organising point of view, what is being seen now is a harried and harassed organising secretary frantically calling up friends and students and ex students to rally support for a CME, so that the hall is not empty for the speakers .And woe betide the hapless speaker whose session is in the afternoon...not even fourlegged animals will be around to listen to you!! Because all the said people who attended in the morning because of some sense of commitment have usually dried up their quota of affection and dedication towards the organising secretary by lunch time.

I write this not as someone who hasn't been there, done that.I write this as someone who has been around full circle...as postgraduate, as a delegate, as faculty, as organ ising secretary ...and then took a step back, and thought, is what we are doing right?Is it really necessary?.
This colossal waste of resources, time and energy that could be channelled into so many other activities both individually and collectively.Do we eye specialist need this much continuance of education that eats into family time and into personal time?With the wealth of online resources and portals available to everyone at their fingertips, is it necessary to gather people into a hall or into a zoom meeting and teach them?
The psychological toll and time toll our profession takes on each one of us is tremendous...every encounter with irate bystanders and complicated patients leave us drained, every surgery gnaws a bit at the buoyancy of our soul and every small mistake or oversight darkens our inner light. We are many times, managers, administrators, teachers, psychologists, typists, therapists and manual labourers all rolled into one in our workplace every single day. We need time to be with our children, with our aging parents, with our friends and with our society.We need time for our hobbies, for our personal ikigai ,for ourselves...we need time off to heal, to repair, to just stand and stare .If we dont realise this, and if we dont devise methods by which the "continuum of medical education"necessary for our profession does not eat into our personal time and space, we will pay a heavy price as a group.
And we will fail the next generation badly in showing them how work and life should be.

Now, if you will excuse me, I have to get on zoom to continue the continuing medical education ...will post the link soon.

Disclaimer...The views presented are the author's own , copyrighted and exclusive and have no bearing on the views of any club, hospital or organisation to which she belongs.

PHOTO GALLERY



Photographs from Kashmir
by Dr. Manoj Venugopal.

















ART GALLERY

Acrylic on canvas by Dr. C. V. Radha Devi



वक्रतुण्ड महाकाय सूर्यकोटि समप्रभ ।
निर्विघ्नं कुरु मे देव सर्वकार्येषु सर्वदा ॥



Colour pencil drawing by Dr. Sruthi R

Arabic Calligraphy

Dr. Jubaira Hassan Kunju







Arabic Calligraphy

Dr. Farzin Hashim







Painting by Dr. Shaji Ankan



Dr. Anisha Tresa Augustin

"Whispers of Nature: In Alleppey's Green Backwaters,
an Oar Steers Through a Watercolor Dream."



"Where emerald Ghats embrace the sun-kissed road,
Anavandi glides , a picture to behold.
Watercolors dance, nature's symphony, afloat,
Serene beauty captured, moments pure and gold."



Water colour painting by Dr. Sreekanth Ramachandran



Pencil sketch by Dr. K. Preetha



Acrylic painting by Dr. Roshni K. R





Dr. R. K. Ruby

Dr. Anupama Jayan









Dr. Priya Urikoth



Photo by Dr. Greeshma M. G



Painting oil on canvas by Dr. Juni Menon